വൈ(1)/4213/2020/ഡിജിഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി 06.03.2020.

## സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - "ലിറ്റിൽ കൈറ്റ്സ്"- ഗ്രേസ് മാർക്ക് അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന :- സ.ഉ (സാധാ) നം. 1074/2020/പൊ.വി. തീയതി 02.03.2020.

****

സൂചന ഉത്തരവ് (1) പ്രകാരം **ലിറ്റിൽ കൈറ്റ്സ് പദ്ധതിയിലെ 'എ' ഗ്രേഡുകൾ** ലഭിക്കുന്ന അംഗങ്ങളിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് 2019-2020 അധ്യയന വർഷം മുതൽ എസ്.എസ്.എൽ.സി എഴുത്തു പരീക്ഷയുടെ 5% മാർക്ക് അനുവദിച്ച് കൊണ്ട് സൂചന(1) പ്രകാരം ഉത്തരവായിട്ടുണ്ട്.

എസ്.എസ്.എൽ.സി ക്ക് മറ്റ് ഗ്രേസ് മാർക്ക് അനുവദിക്കുന്നതു പോലെ വിദ്യാഭ്യാസ ഉപഡയറക്ടർ ആണ് ലിറ്റിൽ കൈറ്റ്സിനും അന്തിമമായി ഗ്രേസ് മാർക്ക് അനുവദിക്കേണ്ടത്. ഗ്രേസ് മാർക്കിന് അർഹതയുള്ള വിദ്യാർത്ഥികളുടെ അപേക്ഷകൾ സ്കൂളുകളിൽ നിന്നും പരീക്ഷ ഭവൻ വെബ്സൈറ്റിലൂടെ ഓൺലൈനായി അപ്ഗ്രേഡ് ചെയ്ത് പ്രിന്റൗട്ട് എടുത്ത് ലിറ്റിൽ കൈറ്റ്സിന് 'എ' ഗ്രേഡു ലഭിച്ച സർട്ടിഫിക്കറ്റ് സഹിതം (സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്) ബന്ധപ്പെട്ട സ്കൂളിലെ മേലധികാരികളുടെ മേലൊപ്പോടു കൂടി ആയത് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്. ഓൺലൈനിൽ നടത്തുന്ന രേഖപ്പെടുത്തലുകൾ ശരിയാണെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ സ്കൂൾ മേലധികാരികൾ അപേക്ഷകൾ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകുവാൻ പാടുള്ളൂ.

വിദ്യാഭ്യാസ ഉപഡയറക്ടർമാർ അവരവരുടെ അധികാര പരിധിയിൽ വരുന്ന സ്കൂളുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഓൺലൈൻ വെരിഫിക്കേഷൻ നടത്തുകയും നടപടി ഉത്തരവും, ലിസ്റ്റും ഒരുമിച്ച് പരീക്ഷാ സെക്രട്ടറി, തിരുവനന്തപുരത്തിന് തപാൽ മുഖേന അയച്ച് കൊടുക്കേണ്ടതുമാണ്.

സന്തോഷ്.സി.എ
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)

പകർപ്പ് -

1. ചെയർമാൻ, കൈറ്റ്സ്, തിരുവനന്തപുരം.
2. സെക്രട്ടറി, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം.
3. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
4. എല്ലാ പ്രഥമാധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന).
5. കരുതൽ ഫയൽ.